**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 795**

**12/06/2013-ൽ മറുപടിയ്ക്ക്**

**വരൾച്ചാ ദുരിതാശ്വാസം**

**ചോദ്യം**

**ശ്രീ. വി.റ്റി. ബൽറാം**
**ശ്രീ. ജോസഫ് വാഴക്കൻ**
**ശ്രീ. കെ. മുരളീധരൻ**
**ശ്രീ. വി.ഡി.സതീശൻ**

**മറുപടി**

**ശ്രീ. പി.ജെ. ജോസഫ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

എ) സംസ്ഥാനത്ത് ഭൂജല വകുപ്പ്, വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി വിവിധ ജില്ലകളിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എ) വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഭൂജല വകുപ്പ്, ജില്ലകളിൽ കൈപമ്പ് റിപ്പയർ, കൈപമ്പ് സ്ഥാപിക്കൽ, കുഴൽ കിണർ നിർമ്മാണം, മിനി വാട്ടർ സ്കീമുകൾ തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി വകുപ്പിന് 13 കോടി രൂപ ലഭിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർമാരുടെ ഭരണാനുമതി അനുസരിച്ചുള്ള പ്രവർത്തികളും നടപ്പിലാക്കുന്നുണ്ട്.

ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ശുദ്ധമായ കുടിവെള്ളം ഏവർക്കും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(സി) ഭൂജല വകുപ്പ് നേരിട്ടാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

ഡി) എന്തെല്ലാം നടപടികൾ പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ 752 കുഴൽ കിണറുകൾ, 57 ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ, 314 കൈപമ്പു പദ്ധതികൾ, 3193 കൈപമ്പ് അറ്റകുറ്റ പണികൾ എന്നിവ പൂർത്തീകരിച്ചു.

സെക്ഷൻ ഓഫീസർ